അടിസ്ഥാനനികുതി.

* 761. [56] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അടിസ്ഥാനനികുതി ഈടാക്കുന്നതിനെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറിൻെറ പ്രത്യേക സക്കുലർ സംസ്ഥാനഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി സ്വീകരിച്ചു വരുന്നു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ലഭിച്ചിട്ടില്ല.

(ബി) (എ) ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അദ്ധ്യാപകനിയമനം.

* 762. [57] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953-54-ൽ പ്രൈമറിയും മിഡിലും സെക്ഷനുകളിൽ അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിന് എത്ര അപേക്ഷകരെ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ ഇൻറർവ്യൂ നടത്തി ;

(ബി) എത്രപേരെ കമ്മിഷൻ റിക്കൂട്ട് ചെയ്തു ;

(സി.) അതിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 3178.

(ബി) 1411.

(സി) 1408.

സെൻട്രൽ ജയിലിലെ നിയമനം.

* 763. [58] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഒഴിവുവന്ന ഏതെങ്കിലും സ്ഥാനത്തേയ്ക്ക് 1955 ഫെബ്രുവരി മാസത്തിനുശേഷം സെക്രട്ടറിയേറ്റിൽനിന്നും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു്, ആരെ ;

(സി) ജയിലുദ്യോഗസ്ഥന്മാർക്ക് വേണ്ട ഡിപ്പാർട്ടുമെൻറ് ടെസ്റ്റുകളും പാസ്സായ ആളുകളും പ്രസ്തുത വകുപ്പിൽത്തന്നെ ഉള്ളപ്പോൾ പുറമേനിന്നും ആളെ ആക്കുവാൻ കാരണമെന്തു് ;

(ഡി) ഈ നിയമനത്തിന്മേൽ ആരെങ്കിലും എന്തെങ്കിലും പരാതിപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില.

LIBRARY ARCHIVES Kerala Legislative Assembly